03/05/2025

SATURDAY ശനിയാഴ്ച

FIB FARM NEWS

എഫ് ഐ ബി കാർഷിക വാർത്തകൾ

FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/05/2025

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അംഗങ്ങൾക്ക് തടസ്സമില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗങ്ങളുടെ ആധാർ കാർഡ്, ഉപയോഗത്തിലുള്ള ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ ബോർഡിൻ്റെ സോഫ്റ്റ്വെയറിൽ ചേർക്കുന്നതിനായി എത്രയും വേഗം ജില്ലാ ഓഫീസിൽ ഹാജരാക്കണം. 2020 നു ശേഷം പുതിയ അംഗത്വം എടുത്തവരും വിവാഹം, പ്രസവം, ചികിത്സ, വിദ്യാഭ്യാസം എന്നീ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചവരും വീണ്ടും രേഖകൾ നൽകേണ്ടതില്ല. ജനന തീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി /ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കണം. ക്ഷേമനിധി പാസ്ബുക്കിൽ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണം.

2. ക്ഷീരരംഗത്തെ കുടുംബങ്ങൾക്ക് സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2016 മുതൽ നടപ്പാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. പ്രതിദിനം കുറഞ്ഞത് ഏഴ് ലിറ്റർ പാൽ ഉൽപ്പാദന ശേഷിയുള്ള രണ്ട് മുതൽ 10 വയസ്സു വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസത്തിലുള്ള പശുക്കളെയും ഏഴ് മാസത്തിൽ കൂടുതൽ ഗർഭാവസ്ഥയിലുള്ള കറവ വറ്റിയ ഉരുക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്താം.കന്നുകാലികളെ ഒന്ന്, മൂന്ന് വർഷത്തേക്ക് ഇൻഷുറൻസ് ചെയ്യാം. കന്നുകാലികളുടെ മരണം, ഉൽപാദനക്ഷമത നഷ്ടപ്പെടൽ, കർഷകൻ്റെ മരണം എന്നിവയ്ക്കാണ് പരിരക്ഷ ലഭിക്കുക. 65,000 രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിന് ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 1,356 രൂപയും എസ്.സി/എസ്.ടി

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിഭാഗത്തിന് 774 രൂപയുമാണ് വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3,319 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 1,892 രൂപയുമാണ് വിഹിതം. 100 രൂപ പ്രീമിയത്തിൽ ഉടമകൾക്ക് അപകട മരണ ഇൻഷുറൻസ് പരിരക്ഷക്കും അർഹതയുണ്ടാകും. പരമാവധി അഞ്ച് ലക്ഷം രൂപയാണ് വ്യക്തിഗത അപകട പരിരക്ഷ. അതത് തദ്ദേശസ്ഥാപനങ്ങളിലെ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെട്ട് പദ്ധതിയിൽ അംഗമാകാം.

3. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9778436265.

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ബോട്ടണി ഡിവിഷനിൽ 'സീനിയർ റിസർച്ച് ഫെല്ലോ'യെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് ബോട്ടണിയിലോ അഗ്രിക്കൾച്ചറിലോ ജെനറ്റിക്സ്/പ്ലാന്റ് ബ്രീഡിങ് /മോളിക്യുലാർ ബ്രീഡിങ് ഇവ ഏതെങ്കിലും മുഖ്യവിഷയമായി ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 31-ന് 33 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മെയ് 07 രാവിലെ 9.30-ന് ഡയറക്ടർ (റിസർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

5. കാർഷിക നിർദേശം

വാഴ -നേന്ത്ര വാഴയുടെ കുലകൾ രൂപപ്പെടുന്നത് ഈ മാസത്തിലാണ്. കുലകളുടെ രൂപീകരണത്തിനും മിനും വളർച്ചക്കും വേണ്ടി ആവശ്യാനുസരണം നൽകുക. ജലസേചനം വരണ്ട കാലാവസ്ഥ നിലനിൽക്കുന്നതിനാൽ തെങ്ങിന് ആവശ്യാനുസരണം ജലസേചനം കൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാ ജലസേചനത്തിലൂടെ ജല നഷ്ടം ഒരു പരിധിവരെ കുറയ്ക്കാനാകും ചൂടിൽ നിന്നും സംരക്ഷിക്കാൻ തെങ്ങിന്റെ തടയിൽ പുതയിടുക.

വള്ളിപയർ -ചൂട് കൂടിയ അന്തരീക്ഷസ്ഥിതി തുടരുന്ന കാരണം പയറിൽ ഇലപ്പേൻ,മുഞ്ഞ, വെള്ളിച്ച എന്നീ നീരൂറ്റിക്കുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാൻ ഇടയുള്ളതിനാൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും അടിയിലും വീഴത്തക്കവണ്ണം രണ്ടാഴ്ച ഇടവിട്ട് തളിച്ചു കൊടുക്കുക.

ചീരയിൽ ഇല തീനി പുഴുക്കളെ നിയന്ത്രിക്കാൻ. ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക മുളക് -മുളകിൽ വെള്ളിച്ചയുടെ ആക്രമണം തടയാൻ 2 % വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിച്ച് കൊടുക്കുക.